പാഠപുസ്തകങ്ങളിൽ

ഒളിയജണ്ട

സംവാദം



എം.ജി.എസ് നാരായണൻ

(ചരിത്രകാരൻ, ഐ.സി.എച്ച്.ആർ മുൻ അധ്യക്ഷൻ)

# വിദ്വേഷത്തിന്റെ പാഠപുസ്തകങ്ങൾ

പ്രക്ഷോഭം വരുമ്പോഴല്ല സമിതിയെ നിശ്ചയിക്കേണ്ടത്, സമിതിയെ നേരത്തെ തന്നെ നിയമിക്കേണ്ടിയിരുന്നു. ഇപ്പോൾ ഒരു വിദഗ്ധ സമിതിയെ നിശ്ചയിച്ചതു തന്നെ ആത്മാർഥതയോടെയല്ല. തൽക്കാലം ജനവികാരം തണുപ്പിക്കാൻ വേണ്ടിയാണ്. മാത്രമല്ല മൂന്നു മാസമോ മറ്റോ സമയമനുവദിച്ചിട്ടുണ്ട് കമ്മിറ്റിക്ക്. അവർ പഠനറിപ്പോർട്ട് സമർപ്പിച്ച് ഗവൺമെന്റ് ഒരു തീരുമാനമെടുക്കുമ്പോഴേക്കും അധ്യയനവർഷത്തിന്റെ പകുതിയും കഴിഞ്ഞിരിക്കും. പിന്നെ എന്ത് പുനഃപരിശോധനയാണ്?

ഒരു ജനാധിപത്യ ഗവൺമെന്റ് വലിയ മാറ്റങ്ങളോടുകൂടി പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുകയും പുതിയ പാഠപുസ്തകങ്ങൾ പുറത്തിറക്കുകയും ചെയ്യുമ്പോൾ എല്ലാവിഭാഗക്കാരെയും ഉൾപ്പെടുത്തി നേരത്തേ തന്നെ വിദഗ്ധ സമിതി രൂപീകരിക്കുകയും പുസ്തകങ്ങളുടെ കരട് ചർച്ചക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതായിരുന്നു. പൊതുജനങ്ങൾക്കും പുസ്തകം കാണാനും അഭിപ്രായങ്ങൾ പറയാനും അവസരം കിട്ടണം. അവരുടെയൊക്കെ നിർദേശങ്ങൾ മുമ്പിൽവെച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയ ശേഷം മാത്രമേ പാഠപുസ്തകങ്ങൾ പഠിപ്പിക്കാൻ പാടുള്ളൂ. ഇതാണ് ജനാധിപത്യ രീതി. പ്രധാനപ്പെട്ട ഈ ജനാധിപത്യക്രമം പാലിക്കാതെയാണ് ഇടതുപക്ഷ ഗവൺമെന്റ് പുതിയ പാഠപുസ്തകങ്ങൾ തയാറാക്കിയിട്ടുള്ളത്. പ്രക്ഷോഭം വരുമ്പോഴല്ല സമിതിയെ നിശ്ചയിക്കേണ്ടത്, സമിതിയെ നേരത്തെ തന്നെ നിയമിക്കേണ്ടിയിരുന്നു. ഇപ്പോൾ ഒരു വിദഗ്ധ സമിതിയെ നിശ്ചയിച്ചതു തന്നെ ആത്മാർഥതയോടെയല്ല. തൽക്കാലം ജനവികാരം തണുപ്പിക്കാൻ വേണ്ടിയാണ്. മാത്രമല്ല മൂന്നു മാസമോ മറ്റോ സമയമനുവദിച്ചിട്ടുണ്ട് കമ്മിറ്റിക്ക്. അവർ പഠനറിപ്പോർട്ട് സമർപ്പിച്ച് ഗവൺമെന്റ് ഒരു തീരുമാനമെടുക്കുമ്പോഴേക്കും അധ്യയനവർഷത്തിന്റെ പകുതിയും കഴിഞ്ഞിരിക്കും. പിന്നെ എന്ത് പുനഃപരിശോധനയാണ്?

### പരിഷ്കരണത്തിലെ അവധാനത

രണ്ടു വർഷം വരെ സമയമെടുത്ത് ചെയ്യേണ്ടതാണ് ഇത്തരം പരിഷ്കരണങ്ങൾ. ഒരു മന്ത്രിയുടെ ഭ്രാന്തനുസരിച്ച് പെട്ടെന്നുണ്ടാക്കേണ്ടതല്ല. ഇത് തലമുറകളെ അപകടപ്പെടുത്തുന്നതാണ്. ചില കമ്മിറ്റികളെക്കൊണ്ട് പ്രത്യേകം തയാറാക്കിയതാണ് പുസ്തകങ്ങൾ എന്നത് വളരെ വ്യക്തമാണ്. സങ്കുചിതവും വിഭാഗീയവുമായ സമീപനമാണ് പുസ്തകങ്ങളിൽ കാണുന്നത്. ഒരു വലിയ പ്രശ്നം എനിക്കനുഭവപ്പെട്ടത്, പുസ്തകം പൊതുജനങ്ങൾക്ക് ലഭ്യമല്ല എന്നതാണ്. ഇപ്പോഴും പുസ്തകം വിൽപനക്കില്ല. ഞങ്ങളുടെ കമ്മിറ്റി പരിശോധിക്കാൻ വേണ്ടി തെരഞ്ഞപ്പോൾ പുസ്തകം കിട്ടാനില്ല. പാഠപുസ്തകം കിട്ടിയാലും അധ്യാപക സഹായി ഇല്ല, കരിക്കുലം ഫ്രെയിം വർക്ക് അത്രയും കിട്ടാനില്ല. വളരെ ബുദ്ധിമുട്ടിയാണവ സമ്പാദിച്ചത്. കമ്മിറ്റിയുടെ സ്ഥിതി ഇതാണെങ്കിൽ പൊതുജനങ്ങളുടേത് എന്തായിരിക്കും. പത്രങ്ങളിലും മറ്റും വന്ന ചില പാഠഭാഗങ്ങൾ വായിച്ചാണ് ജനങ്ങൾ അഭിപ്രായം പറയുന്നത്. പുസ്തകം കിട്ടിയിരുന്നെങ്കിൽ മുഴുവനായും വായിച്ച് അഭിപ്രായം പറയാനും വിമർശിക്കാനും കഴിയുമായിരുന്നു, അതിനുള്ള ഒരുപാടു വിഷയങ്ങൾ പുസ്തകങ്ങളിലുണ്ട്. കുട്ടികളിൽ പുസ്തകം വിതരണം ചെയ്തശേഷം അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതും പുനഃപരിശോധന നടത്തുന്നതും വലിയ

അപകടങ്ങൾ സൃഷ്ടിക്കും.

വളരെ മോശം കടലാസിലാണ് പുസ്തകം അച്ചടിച്ചിരിക്കുന്നത്. അക്ഷരങ്ങൾ മോശമില്ലെങ്കിലും അച്ചടിയിൽ പ്രശ്നങ്ങൾ ഉണ്ട്. ഇരട്ടയായാണ് പല അക്ഷരങ്ങളും കാണുന്നത്. വായിക്കാനും പ്രയാസമാണ്. ചിത്രങ്ങളിലും കുഴപ്പങ്ങളുണ്ട്. രാജാരവിവർമ മുതൽ ആർട്ടിസ്റ്റ് നമ്പൂതിരി വരെയുള്ള ഒന്നാന്തരം ഇല്ലസ്ട്രേറ്റേഴ്സ് ഉണ്ടായിട്ടുള്ള നാടാണിത്. പക്ഷേ, പുസ്തകങ്ങളിലുള്ളത് പൊട്ടൻ ചിത്രങ്ങളാണ്. വരക്കാൻ കഴിവില്ലാത്തവരുടെ വരകളാണവ. അതുതന്നെ അച്ചടിയിൽ മോശവുമാണ്.

## അപകടങ്ങളുള്ള പുസ്തകം

ഏഴാം ക്ലാസിലെ പുസ്തകത്തിന് അഞ്ചുഭാഗങ്ങളുണ്ട്. മൂന്നു ഭാഗങ്ങൾ സാമൂഹ്യശാസ്ത്ര പഠനമാണ്. രണ്ടു ഭാഗങ്ങൾ ജ്യോഗ്രഫിയാണ്. അതിൽ ചില അപാകതകളുണ്ട്. വെള്ളം എന്ന ഒരു വിഷയത്തിൽ മാത്രം പാഠം കേന്ദ്രീകരിച്ചിരിക്കുന്നു. മതത്തെക്കുറിച്ച് പറയുന്ന പാഠഭാഗമാണ് ഏറ്റവുമധികം ചർച്ചയായിട്ടുള്ളത്. അത് മറ്റു ഭാഗങ്ങൾ വായിക്കാൻ പൊതുജനങ്ങൾക്ക് അവസരം കിട്ടാത്തതുകൊണ്ടുകൂടിയായിരിക്കണം.

മിശ്രവിവാഹമാണ് 'മതമില്ലാത്ത ജീവനി'ലെ വിഷയം. നമ്മുടെ നാട്ടിൽ മിശ്രവിവാഹം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടില്ല. മിക്ക മതങ്ങളിലും പെട്ടവർ ഇതര മതക്കാരെ വിവാഹം കഴിക്കുന്നതിന് ഒരു പാട് പ്രശ്നങ്ങൾ ഉണ്ട്. അത് എതിർപ്പുകൾ ക്ഷണിച്ചു വരുത്താറുണ്ട്. അത്തരക്കാരെ കൊല്ലുകയും തല്ലുകയും നാടുകടത്തുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മിശ്രവിവാഹത്തിന്റെ ഭാഗമായി പുരുഷന്റെയോ സ്ത്രീയുടെയോ മതത്തിലേക്ക് രഹസ്യമായി പരിവർത്തനം ചെയ്യുന്ന എത്രയോ സംഭവങ്ങൾ ഉണ്ട്. അത്തരം പരിവർത്തനങ്ങൾ ആത്മാർഥതയോടെയാകില്ല. അവർക്കുണ്ടാകുന്ന കുട്ടികളെ ഏതു മതത്തിൽ ചേർക്കണം എന്ന കാര്യത്തിലും ദമ്പതികൾക്കിടയിൽ പിന്നീട് കലഹങ്ങൾ ഉണ്ടാകാറുണ്ട്. മിശ്രവിവാഹം നടത്തുന്നത് വളരെ ചെറിയ ന്യൂനപക്ഷമാണ്. അങ്ങനെയുള്ള വിവാഹിതരിൽ തന്നെ ഭൂരിപക്ഷവും പലതരം പ്രശ്നങ്ങൾ നേരിടുന്നു. ആരോഗ്യകരമായ മിശ്രവിവാഹം നടത്തി, അതിൽ പിറന്ന കുട്ടി ഏതുമതം വേണമെന്ന് പിന്നീട് തീരുമാനിക്കട്ടെ എന്ന വീക്ഷണം പുലർത്തുന്നവർ സമൂഹത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ളവര

**അധികവായനക്ക് നിർദേശിച്ചിട്ടുള്ള പുസ്തകങ്ങളെല്ലാം കമ്യൂണിസ്റ്റ് രാഷ്ട്രീയ സാഹിത്യങ്ങളാണ്. ആഴമേറിയ വിശകലനങ്ങളുള്ള ഒരൊറ്റ പുസ്തകമില്ല. ചെറുകാടിന്റെ രണ്ട് പുസ്തകങ്ങൾ ഉണ്ട്, ചെറുകാടൊരു കമ്യൂണിസ്റ്റുകാരനാണ്. സാമൂഹിക യാഥാർഥ്യങ്ങൾ ചിത്രീകരിച്ചിട്ടുള്ള ബഷീറും ഉറൂബും പൊൻകുന്നം വർക്കിയും തകഴിയും കേശവദേവുമെല്ലാമുണ്ട്. അവരുടെയൊക്കെ താഴെയേ ചെറുകാടിന് സ്ഥാനമുള്ളൂ. ഇവരൊക്കെ മാറ്റി നിർത്തിയാണ് ചെറുകാടിന്റെ രണ്ടു പുസ്തകങ്ങൾ നിർദേശിച്ചത്.**

ല്ല. 99 ശതമാനത്തിലേറെ ആളുകൾ മതവിശ്വാസികളായുള്ള, മിശ്രവിവാഹം സ്വീകരിക്കാത്ത കേരളത്തിൽ ഇത്തരമൊരു വിഷയം പാഠപുസ്തകത്തിൽ അവതരിപ്പിക്കണോ എന്നതാണ് പ്രശ്നം. കമ്യൂണിസ്റ്റു പാർട്ടിക്ക് മതവിശ്വാസത്തിനെതിരെ പ്രചാരണം നടത്താം. അതിനുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകിയിട്ടുണ്ട്. നികുതിദായകരായ പൊതുജനങ്ങളുടെ പണം ഉപയോഗിച്ച് അവരുടെമേൽ ഈ കാഴ്ചപ്പാട് അടിച്ചേൽപിക്കുന്നത് ശരിയല്ല. അല്ലെങ്കിൽ, ഞങ്ങൾ മതത്തിനെതിരാണെന്ന് പ്രകടന പത്രികയിൽ പ്രഖ്യാപിച്ച് ജനങ്ങളോട് തുറന്നു പറഞ്ഞ് വോട്ടു വാങ്ങണം, അങ്ങനെ ഇടതുപക്ഷം ചെയ്തിട്ടില്ല. ഞങ്ങൾ മതങ്ങൾക്ക് അനുകൂലമാണ് എന്ന നിലക്കാണ് മാനിഫെസ്റ്റോ ഉള്ളത്. അതിനുശേഷം ഇങ്ങനെ ചെയ്യുന്നത് വഞ്ചനയാണ്.

പൊതുവിദ്യാഭ്യാസത്തിനുള്ള പാഠപുസ്തകങ്ങൾ പൊതു അംഗീകാരം നേടാൻ പര്യാപ്തമായിരിക്കണം. മതത്തോടുള്ള സമീപനത്തിലും ഈ പൊതുസ്വഭാവം ഉണ്ടാകണം. ഏഴാം ക്ലാസിലെ 12 വയസ്സു മാത്രമുള്ള കുട്ടിക്ക് മിശ്രവിവാഹവും അതിന്റെ അനന്തരഫലവും പഠിപ്പിക്കുന്നത് ശരിയാണോ എന്നതും പ്രസക്തമാണ്. പത്താം ക്ലാസിലോ ഹയർസെക്കണ്ടറിയിലോ വിഷയം പരാമർശിക്കുകയാണെങ്കിലും കുറച്ചൊക്കെ മനസ്സിലാക്കാം. ഏഴാം ക്ലാസിൽ ഇതിന്റെ ആവശ്യമില്ല.

മതസ്പർധയുണ്ടാക്കാനും മറ്റും പുസ്തകം ഇടയാക്കും. മതസമുദായങ്ങൾ തമ്മിലും ജാതിവിഭാഗങ്ങൾ തമ്മിലും സാമ്പത്തിക വർഗങ്ങൾ തമ്മിലുമുള്ള സംഘർഷവും വിദ്വേഷവും പ്രചരിപ്പിക്കാൻ കാരണമാകുന്ന രീതിയിലാണ് ചില വിഷയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. നമ്മൾ എന്തെല്ലാം മാറ്റാനും മറക്കാനും ശ്രമിക്കുന്നുവോ അതെല്ലാം തിരിച്ചുകൊണ്ടുവരാനാണ് ശ്രമം. ഇത് ഭരണഘടനയുടെ, ജനാധിപത്യത്തിന്റെ അന്തസത്തക്ക് നിരക്കാത്തതാണ്. വർഗസമരം, ജാതി, മതം ഇതൊക്കെയാണ് പാഠപുസ്തകത്തിൽ മുഴച്ചുനിൽക്കുന്നത്. ഇതിന് പലതരത്തിലുള്ള അനന്തരഫലങ്ങളുണ്ടാകും.

## അധ്യാപകസഹായിയിലെ പ്രശ്നങ്ങൾ

ഏഴാം ക്ലാസ് സാമൂഹിക പാഠപുസ്തകത്തിന്റെ അധ്യാപകസഹായി പാഠപുസ്തകത്തെക്കാൾ അപകടകരമാണ്. അതിലൊരിടത്ത്, സമൂഹികമാറ്റത്തിനുവേണ്ടിയുള്ള പാഠങ്ങളുടെ ലക്ഷ്യങ്ങൾ എന്നു പറഞ്ഞ് പതിനാല് കാര്യങ്ങൾ കൊടുത്തിട്ടുണ്ട്. അവകാശ ബോധം വളർത്തുക എന്നതാണ് ഒരു ലക്ഷ്യം. സാധാരണ പറയാറുള്ളതും യഥാർഥത്തിൽ പറയേണ്ടതും 'അവകാശ ബോധവും ഉത്തരവാദിത്വ ബോധവും വളർത്താൻ' എന്ന് ഒരുമിച്ചാണ്. പക്ഷേ, അധ്യാപക സഹായിയിൽ ഉത്തരവാദിത്ത ബോധം പറഞ്ഞിട്ടില്ല. അവകാശ ബോധത്തെക്കുറിച്ചു മാത്രമാണ് പരാമർശം. ഇത് നിഷേധാത്മക സമീപനവും കുട്ടികളെ ദുഷിപ്പിക്കുന്നതുമാണ്. നമ്മുടെ സമൂഹത്തിന്റെ ഇന്നത്തെ ഏറ്റവും വലിയ ദുരന്തം അവകാശങ്ങളെക്കുറിച്ച് പൊതുവെ എല്ലാവരും അതി ബോധവാന്മാരാണ്; ഉത്തരവാദിത്തത്തെക്കുറിച്ച് ഒട്ടും ബോധമുള്ളവരുമല്ല എന്നതാണ്. ഇതിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും പങ്കുണ്ട്. ഇങ്ങനെ ഒരു അവസ്ഥ സൃഷ്ടിച്ചുവെച്ചിട്ട് ഇനിയും അത് കൂടുതൽ വഷളാക്കാനാണ് അവകാശ ബോധത്തെക്കുറിച്ചു മാത്രമുള്ള ഈ പരാമർശം. 'ശാസ്ത്രീയ ബോധം വളർത്തുക' എന്നതാണ് മറ്റൊരു ലക്ഷ്യം. എന്നാൽ കല, സാഹിത്യം, സൗന്ദര്യബോധം എന്നിവ വളർത്തിയെടുക്കാൻ ഒന്നുമില്ല.

മറ്റൊന്ന്, മതബോധത്തെക്കുറിച്ച് പറയുന്നില്ല. 'ബഹുമത സമൂഹത്തിന് അനുയോജ്യമായ രീതിയിൽ സ്പർധയില്ലാത്ത മതബോധം വളർത്തുന്നതിന്' എന്ന ഒരു ലക്ഷ്യം ഉൾപ്പെടുത്തേണ്ടിയിരുന്നു. അവിടെ മതം വിട്ടുകളയുകയും ആവശ്യമില്ലാത്ത പലയിടത്തും മതം ചേർക്കുകയും ചെയ്തിട്ടുണ്ട്. മതത്തിന

പ്പുറം പൊതുവായ ധാർമിക മൂല്യങ്ങളുമുണ്ട്. എന്നാൽ സമൂഹത്തിന് ഏറ്റവും ആവശ്യമായ ധാർമിക മൂല്യങ്ങളെക്കുറിച്ച് ഒരക്ഷരം പറയുന്നില്ല. ഉത്തരവാദിത്തബോധം, കലാ-സൗന്ദര്യ ബോധം, ബഹുമതസമൂഹത്തിനാവശ്യമായ മതബോധം, ധാർമിക മൂല്യങ്ങൾ എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങൾ 'സാമൂഹിക മാറ്റത്തിനുവേണ്ടിയുള്ള പാഠങ്ങളുടെ ലക്ഷ്യങ്ങളിൽ'നിന്ന് വിട്ടുകളഞ്ഞിരിക്കുന്നു.

മതമൂല്യങ്ങൾ വളരെ പ്രധാനമാണ്. എല്ലാ മതങ്ങളും മൂല്യങ്ങൾ പ്രദാനം ചെയ്യുന്നു. ഇത് മതരഹിത സമൂഹങ്ങളിൽ കാണാൻ കഴിയില്ല. അതുകൊണ്ട് മതമില്ലാത്ത അവസ്ഥ മൂല്യബോധം തകരാൻ കാരണമാകും.

സോവിയറ്റ് റഷ്യയിൽ ജീവിക്കാൻ അവസരം കിട്ടിയിട്ടുള്ള എനിക്ക് ബോധ്യപ്പെട്ട ഒരു യാഥാർഥ്യം മതരഹിത സമൂഹങ്ങൾ രാക്ഷസീയമായ രീതിയിൽ വളരുകയും നശിക്കുകയും ചെയ്യും എന്നതാണ്. സോവിയറ്റ് യൂനിയനിലുണ്ടായിരുന്ന കഷ്ടപ്പാടുകൾ, ജനങ്ങളുടെ അസ്വാസ്ഥ്യങ്ങൾ എല്ലാം അതിന്റെ തെളിവാണ്. മതത്തെ അടിച്ചമർത്തുന്നില്ല എന്നുപറഞ്ഞുകൊണ്ട് മതത്തെ അടിച്ചമർത്തുകയാണവിടെ ചെയ്തത്. 18-ാം നൂറ്റാണ്ടിലെ വിജ്ഞാന വിസ്ഫോടനത്തോടെ, യുക്തിയുടെ കാലഘട്ടത്തോടെ വിശ്വാസം പിന്നിലായി എന്നാണ് 18-19 നൂറ്റാണ്ടുകളിലുണ്ടായിരുന്ന വലിയ പ്രചാരണം. ശാസ്ത്രപുരോഗതിയും സാങ്കേതിക വളർച്ചയും വ്യവസായ വിപ്ലവവും ഉണ്ടായപ്പോൾ യൂറോപ്യർക്ക് മദം പൊട്ടി. ശാസ്ത്രം കൊണ്ട് എല്ലാം തീരുമാനിക്കാം, നിയന്ത്രിക്കാം എന്നും ശാസ്ത്രം മതവിരുദ്ധമാണെന്നും അവർ വാദിച്ചു. വിശ്വാസികളായ ചിലർക്ക്, പ്രത്യേകിച്ചും കത്തോലിക്കാ മതത്തിന്റെ വക്താക്കൾക്കു തോന്നി ശാസ്ത്രത്തിന്റെ വളർച്ച മതവിരുദ്ധമാണെന്ന്. ഈ തരത്തിൽ രണ്ടു ഭാഗത്തും ഉണ്ടായിട്ടുള്ള തെറ്റുധാരണകളുടെ ഫലമായാണ് മതവിരുദ്ധബോധം വളരാൻ ഇടയായത്. പാശ്ചാത്യ രാജ്യങ്ങളിൽ മതത്തിന്റെ പ്രാധാന്യം കുറഞ്ഞുവന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടമാകുമ്പോഴേക്കും രണ്ടു ലോകയുദ്ധങ്ങൾ നടക്കുകയും ശാസ്ത്രത്തിന് ഉപകാരം പോലെ ഉപദ്രവവുമുണ്ടെന്ന ചിന്ത ജനങ്ങളിലുണ്ടാവുകയും ചെയ്തു. ഉപകാരത്തെക്കാൾ ഉപദ്രവമാണുള്ളതെന്നും ചിലർക്കഭിപ്രായമുണ്ട്. മറുഭാഗത്ത് ശാസ്ത്രം, ദൈവവും പ്രകൃതിയും മനുഷ്യന് നൽകിയിട്ടുള്ള കഴിവുകളുടെ ഉപയോഗമാണെന്നും അത് മതവിരുദ്ധമല്ല എന്നുമുള്ള കാഴ്പ്പാട് വളർന്നു.

ഇന്ന് ലോകത്ത് എല്ലാ രാജ്യങ്ങളിലും സമൂഹങ്ങളിലും മതവിശ്വാസത്തിന്റെ ഒരു പുനരാവിഷ്കാരം നടക്കുകയാണ്. കുറേക്കൂടി ശുദ്ധീകരിക്കപ്പെട്ട മതത്തെ കുറിച്ച ചർച്ചകൾ നടക്കുന്നു. മതം മനുഷ്യന് ആവശ്യമാണ്. അത് സ്ഥാപിത മതത്തിലെ ആചാരങ്ങളാകണമെന്നില്ല. മതങ്ങൾ എത്രയോ നൂറ്റാണ്ടുകളായി നിലനിൽക്കുകയും സമൂഹങ്ങളെ കുറേയൊക്കെ നന്നാക്കുകയും ചെയ്യുന്നു. ഇനിയും അവ നിലനിൽക്കും. മറ്റുള്ളവ തകരും. ഈ ചരിത്രപാഠം മുൻനിർത്തി ചിന്തിച്ചാൽ മതങ്ങൾക്കെതിരായ നീക്കം അനാരോഗ്യകരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലും മറ്റുമുള്ള പഴഞ്ചൻ ആശയമാണ് മതവിരുദ്ധത. ഇന്നു ശാസ്ത്രജ്ഞന്മാർ തന്നെ ഭൂരിപക്ഷവും മതവിശ്വാസികളും ആത്മീയത അംഗീകരിക്കുന്നവരുമാണ്.

**മതങ്ങൾ എത്രയോ നൂറ്റാണ്ടുകളായി നിലനിൽക്കുകയും സമൂഹങ്ങളെ കുറേയൊക്കെ നന്നാക്കുകയും ചെയ്യുന്നു. ഇനിയും അവ നിലനിൽക്കും. മറ്റുള്ളവ തകരും. ഈ ചരിത്രപാഠം മുൻനിർത്തി ചിന്തിച്ചാൽ മതങ്ങൾക്കെതിരായ നീക്കം അനാരോഗ്യകരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലും മറ്റുമുള്ള പഴഞ്ചൻ ആശയമാണ് മതവിരുദ്ധത. ഇന്നു ശാസ്ത്രജ്ഞന്മാർ തന്നെ ഭൂരിപക്ഷവും മതവിശ്വാസികളും ആത്മീയത അംഗീകരിക്കുന്നവരുമാണ്.**

പരസ്യമായി മതങ്ങളെ ആദരിക്കുകയും രഹസ്യമായി പലരീതിയിലും അവയെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിന്റെ ഭാഗമാണ് പാഠപുസ്തകങ്ങളിലും കാണുന്നത്. ഭൂരിപക്ഷം ജനങ്ങളും അതംഗീകരിക്കുന്നില്ല. അതുകൊണ്ട് ഭൂരിപക്ഷം ജനങ്ങളെ പ്രതിനിധീകരിക്കുന്നുവെന്ന് അവകാശപ്പെടുന്ന ജനാധിപത്യ ഗവൺമെന്റിന് നിരീശ്വരവാദവും മതവിരുദ്ധതയും പ്രചരിപ്പിക്കാൻ അനുവാദമില്ല. അത് പാർട്ടികൾക്ക് ചെയ്യാവുന്നതാണ്. പക്ഷേ, അത് പരസ്യമായി മാർക്സിസ്റ്റു പാർട്ടികൾ ചെയ്യുന്നില്ല. ഇതിലൊരു കാപട്യമുണ്ട്.

## നെഹ്റുവിന്റെ മതം

നെഹ്റുവിന്റെ ഒസ്യത്തിന്റെ ഭാഗം പാഠപുസ്തകത്തിൽ ഉദ്ധരിച്ചത് തെറ്റായിട്ടാണ്. നെഹ്റു മതനിഷേധിയല്ല. നിരീശ്വരവാദം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അഗ്നോസ്റ്റിക് എന്നുപറയുന്ന എനിക്കറിയില്ല, എനിക്ക് താൽപര്യമില്ല എന്ന സമീപനമാണ് നെഹ്റുവിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഒസ്യത്തിന്റെ ഒരു ഭാഗം മാത്രമേ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ളൂ. അതിനടുത്ത ഖണ്ഡികയിൽ അദ്ദേഹം പറയുന്നത്, എന്റെ ചിതാഭസ്മം ഗംഗാനദിയിലും ഇന്ത്യയിലെ എല്ലാ നദികളിലും ഒഴുക്കണം എന്നാണ്. അദ്ദേഹത്തിന്റെ തന്നെ നിർദേശമാണിത്. ഇത് മതവിശ്വാസമാണെന്ന് പറഞ്ഞുകൂടാ. മതത്തിൽ അധിഷ്ഠിതമായ ഒരു വിശ്വാസമാണ്, മതത്തെ നിരസിക്കാത്ത ഒരു വിശ്വാസം. കാലാകാലങ്ങളായി വിശ്വാസികളായ ഹിന്ദുക്കൾ ഇന്ത്യയിലെ എല്ലാ നദികളെയും പുണ്യനദികളായാണ് കരുതിവന്നിട്ടുള്ളത്. അതുകൊണ്ടാണ് ചിതാഭസ്മം നദികളിൽ വിശേഷിച്ചും ഗംഗയിൽ ഒഴുക്കണം എന്നു പറയുന്നത്. അതിനെ മതവിശ്വാസത്തിൽനിന്ന് മാറ്റി നിർത്താൻ കഴിയില്ല. അതാണ് നെഹ്റുവും പറഞ്ഞത്. ആ ഭാഗം മറച്ചുവെച്ചുകൊണ്ട് ആദ്യഭാഗം മാത്രം പാഠപുസ്തകത്തിൽ ചേർത്തത് നെഹ്റുവിനോടും രാജ്യത്തോടും കുട്ടികളോടും ചെയ്യുന്ന ക്രിമിനൽ കുറ്റമാണ്.

ഇനി ഇവർ പറയുന്ന പോലെ മതവിരോധം നെഹ്റുവിനുണ്ടായിരുന്നു എന്നു വെക്കുക; വാദത്തിനുവേണ്ടി. എങ്കിൽ നെഹ്റു പ്രധാനമന്ത്രിയായ കാലത്ത് മതങ്ങളെ നിരുത്സാഹപ്പെടുത്താനും മതനിരാസം വളർത്താനും തന്റെ പാർട്ടിയെക്കൊണ്ടോ ഗവൺമെന്റിനെക്കൊണ്ടോ ഒളിയജണ്ടകൾ നടപ്പിലാക്കാനുള്ള യാതൊരു ശ്രമവും അദ്ദേഹം നടത്തിയിട്ടില്ല. മാത്രമല്ല മതവിശ്വാസികളുടെ എല്ലാ സങ്കൽപങ്ങളെയും ആഘോഷങ്ങളെയും സഹായിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് പ്രധാനമന്ത്രി എന്ന നിലയിൽ നെഹ്റു സർക്കാറിന്റെ അധികാരം ഉപയോഗിച്ചിട്ടുള്ളത്. നെഹ്റു തന്റെ വ്യക്തിപരമായ വിശ്വാസം



**ജനാധിപത്യ സമൂഹങ്ങളിലൊക്കെ നടക്കുന്നതുപോലെ സിലബസുണ്ടാക്കി, ചർച്ച ചെയ്ത് ഒരു സമവായത്തിലെത്തി, അത് പ്രസിദ്ധീകരിക്കുകയും വിദഗ്ധന്മാർക്ക് പാഠ പുസ്തകം എഴുതാനുള്ള അവകാശം വിട്ടുകൊടുക്കുകയും വേണം. അധ്യാപകർക്ക് ഇഷ്ടമുള്ള പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കാതിരിക്കാനു മുള്ള അവകാശവും ലഭിക്കണം. ഇനി നാം അത്രയൊന്നും വളർന്നിട്ടില്ലെങ്കിൽ പാഠ പുസ്തകം നിശ്ചയിക്കുമ്പോൾ ആദ്യം അതിന്റെ കരട് പ്രസിദ്ധീകരിക്കുകയും പൊതു ജനങ്ങളുടെയും വിദഗ്ധന്മാരുടെയും ചർച്ചക്ക് വിധേയമാക്കുകയെങ്കിലും വേണം.**

എന്തായിരുന്നാലും നാട്ടിലെ ഭൂരിപക്ഷ ജനങ്ങളുടെ വിശ്വാസത്തിനെതിരായി ഒന്നും ചെയ്തില്ല. പക്ഷേ, ഇവിടെ അതാണ് സംഭവിച്ചത്. ഗവൺമെന്റിന്റെ സംവിധാനങ്ങൾ ഉപയോഗിച്ച് പാർട്ടി യുടെ, പാർട്ടിയിലെ ചില വ്യക്തികളുടെ വീക്ഷണങ്ങൾ പ്രചരിപ്പിക്കാനുള്ള ശ്രമം തെറ്റാണ്. ജനാധിപത്യ സംവിധാന ത്തിന്റെ ദുരുപയോഗമാണ്.

## സെക്യുലറിസവും മതനിരപേക്ഷതയും

ഗാന്ധിജിയുടെയും നെഹ്റുവി ന്റെയും കാലത്തൊന്നും സെക്യുലറിസം ഇത്രമാത്രം പ്രാധാന്യമുള്ള വിഷയമായി നമ്മുടെ ദേശീയ പ്രസ്ഥാനത്തിൽ പരി ഗണിക്കപ്പെട്ടിരുന്നില്ല. അവരൊക്കെ ഊന്നി പറഞ്ഞത് മതസൗഹാർദത്തെ കുറിച്ചാണ്. മതസൗഹാർദമാണ് ആവ ശ്യം, സെക്യുലറിസമല്ല. സെക്യുലറിസം എന്നവാക്ക് മറ്റൊരു അർഥത്തിലാണ് ചരിത്രത്തിലുടനീളം പ്രയോഗിച്ചിട്ടുള്ളത്.

അഞ്ചാം നൂറ്റാണ്ടിൽ അന്നത്തെ റോമൻ ചക്രവർത്തിയായ കോൺസ്റ്റ ന്റൈൻ തന്റെ ലൗകികമായ അധികാര ങ്ങൾ മുഴുവൻ ആത്മീയ നേതാവായ മാർപ്പാപ്പക്കും കത്തോലിക്കാ പള്ളിക്കും സമർപ്പിച്ചുകൊണ്ട് ഒരു പത്രിക എഴുതി യുണ്ടാക്കി എന്ന് പറയപ്പെട്ടു, പതി നഞ്ചാം നൂറ്റാണ്ടുവരെ അത് ശരിയാ ണെന്ന് ജനം വിശ്വസിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ അത് വ്യാജമാണെന്ന് തെളി യിക്കപ്പെട്ടു. അതിന്റെ ഭാഷയും ഉള്ളട ക്കവും തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. ഇപ്പോഴത്തെ മാർപ്പാപ്പക്കു മുമ്പുള്ള മാർപ്പാപ്പ അത് പരസ്യമായി പറയുകയും ചെയ്തു. അതിന്റെ ഉള്ളടക്കം, കോൺസ്റ്റ ന്റൈൻ ചക്രവർത്തിക്ക് കുഷ്ഠരോഗമു ണ്ടായപ്പോൾ റോമിലെ ബിഷപ്പ് അത് മാറ്റിക്കൊടുത്തതാണ്. അദ്ദേഹമാണ് പിന്നീട് മാർപ്പാപ്പയായത്. അതിന്റെ നന്ദി പ്രകടനമായാണ് രാജ്യത്തിന്റെ ലൗകിക അവകാശങ്ങൾ മാർപ്പാപ്പക്കും പള്ളിക്കും രാജ്യം അടിയറ വെച്ചത്. ആ പത്രിക വ്യാജമാണെന്ന് ബോധ്യം വരികയും കാത്തലിക് എൻസൈക്ലോപീഡിയ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളിൽ പോലും അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ പത്രികയിലെ, ലൗകിക അധി കാരങ്ങൾ/രാജാവിന്റെ അധികാരങ്ങൾ എന്ന അർഥത്തിലാണ് സെക്യുലർ റൈറ്റ്സ് എന്നും സെക്യുലറിസം എന്നു മുള്ള വാക്കുകൾ ഉപയോഗിക്കപ്പെട്ടത്. അതായത് മതത്തെയും ആത്മീയത യെയും ഒരു ഭാഗത്തും ലൗകികതയെയും രാഷ്ട്രീയത്തെയും മറുഭാഗത്തുമായി വിഭജിച്ചതാണ് സെക്യുലറിസത്തിന്റെ പാശ്ചാത്യ സ്വഭാവം. എന്നാൽ ഇസ്ലാം ഈ വിഭജനത്തിന് തീർത്തും എതിരാണ്. ആത്മീയം, ലൗകികം എന്ന വേർതിരിവ് ഇസ്ലാം മതം അംഗീകരിക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഹിന്ദുമതത്തിനും അത്തരം ഒരു വേർതി രിവില്ല. മാത്രമല്ല മതനിരാസത്തിലധിഷ്ഠി തമായ ഒരു മതേതരത്വമല്ല ഇന്ത്യയിലു ള്ളത്.

അനുഭവങ്ങൾ മുന്നിൽവെച്ച് എനിക്ക് പറയാനുള്ളത് ഇതാണ്: ജനാ ധിപത്യ സമൂഹങ്ങളിലൊക്കെ നടക്കുന്ന തുപോലെ സിലബസുണ്ടാക്കി, ചർച്ച ചെയ്ത് ഒരു സമവായത്തിലെത്തി, അത് പ്രസിദ്ധീകരിക്കുകയും വിദഗ്ധന്മാർക്ക് പാഠപുസ്തകം എഴുതാനുള്ള അവ കാശം വിട്ടുകൊടുക്കുകയും വേണം. അധ്യാപകർക്ക് ഇഷ്ടമുള്ള പാഠപുസ്ത കങ്ങൾ തെരഞ്ഞെടുക്കാനും തെരഞ്ഞെ ടുക്കാതിരിക്കാനുമുള്ള അവകാശവും ലഭിക്കണം. ഇനി നാം അത്രയൊന്നും വളർന്നിട്ടില്ലെങ്കിൽ പാഠപുസ്തകം നിശ്ച യിക്കുമ്പോൾ ആദ്യം അതിന്റെ കരട് പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളു ടെയും വിദഗ്ധന്മാരുടെയും ചർച്ചക്ക് വിധേയമാക്കുകയെങ്കിലും വേണം.

ഒരു ബഹുമത സമൂഹത്തിൽ മത ത്തെക്കുറിച്ച പരാമർശം വളരെ ശ്രദ്ധിച്ച് നടത്തേണ്ടതാണ്. അത് തീരെ ശ്രദ്ധിച്ചി ട്ടില്ല, മാത്രമല്ല മത സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിലാണ് പല പരാമർശങ്ങളും. പാഠ പുസ്തകവുമായി ബന്ധപ്പെട്ട് മതത്തിന്റെ പ്രശ്നം മാത്രമല്ല ഉള്ളത്. ജാതികൾ തമ്മിലും സാമ്പത്തിക വർഗങ്ങൾ തമ്മിലും സംഘർഷമുണ്ടാക്കുന്ന പരാ മർശങ്ങളും ഉണ്ട്. ഉദാഹരണത്തിന്, ജന്മി മഹാദുഷ്ടനാണ്, കാട്ടാളനാണ്, കർഷ കനെന്ന് പറഞ്ഞാൽ ഒരു ദേവദൂതൻ എന്ന ഒരു സന്ദേശമാണ് പുസ്തകം മുന്നോട്ട് വക്കുന്നത്. എന്നാൽ ജന്മിമാ രെല്ലാം ദുഷ്ടന്മാരൊന്നുമല്ല. എത്രയോ

നല്ലവരും ജന്മിമാരിൽ തന്നെ ഉണ്ടായിരുന്നു. അതുപോലെ ജന്മിമാരിലും കർഷകരിലും സമ്പന്നരും ദരിദ്രരുമുണ്ടായിരുന്നു. മാത്രമല്ല ജന്മിക്കും കൃഷിതൊഴിൽ ചെയ്യുന്നവനുമിടയിൽ മധ്യവർഗത്തിന്റേതായ അഞ്ചെട്ടു പടവുകളെങ്കിലുമുണ്ട്. അതിനെയെല്ലാം മറച്ചിരിക്കുന്നു. രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ട് വർഗങ്ങൾ മാത്രമേ ഉള്ളൂ എന്ന് പറയുന്നു. ഇതാണ് വളരെ സങ്കുചിതമായ മാർക്സിസ്റ്റ് വീക്ഷണം.

കഴിഞ്ഞ നൂറ്റാണ്ടുകളെ കുറിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുമ്പോൾ ജന്മിയും കൃഷിക്കാരനും മാത്രമായിരുന്നില്ല സാമൂഹിക യാഥാർഥ്യം എന്നത് കണക്കിലെടുക്കേണ്ടിയിരുന്നു. വിദ്യാഭ്യാസം വളർന്നുവന്നിട്ടുണ്ട്. സ്കൂളുകൾ ഉണ്ടായിട്ടുണ്ട്, മിഷനറിമാർ നാടുവാഴികളുടെ പ്രോത്സാഹനത്തോടുകൂടി സ്കൂളുകളുണ്ടാക്കിയിട്ടുണ്ട്. സൗജന്യ ആസ്പത്രികൾ ഉണ്ടാക്കിയിട്ടുണ്ട്, മറ്റു മത സമുദായ സംഘടനകൾ പല സേവനങ്ങളും ചെയ്തിട്ടുണ്ട്. യന്ത്രങ്ങളുടെ പുരോഗതി, ഗതാഗത പുരോഗതി, പുതിയ വൈദ്യശാസ്ത്രത്തിന്റെ പ്രചാരം- എല്ലാം സംഭവിച്ചിട്ടുണ്ട്. അങ്ങനെ കഴിഞ്ഞ കാല സമൂഹമെന്നു പറയുന്നത് ബഹുമുഖമായ ഒന്നാണ്. എന്നാൽ ജന്മിയെയും കർഷകനെയും മാത്രമേ പാഠപുസ്തകത്തിൽ കാണുന്നുള്ളൂ. മുൻകാല സമൂഹത്തിലെ കലാകാന്മാരെയും നെയ്ത്തുകാരെയും വ്യവസായികളെയുമെല്ലാം കൊന്നൊടുക്കിയിരിക്കുന്നു ഈ പാഠപുസ്തകം. കമ്യൂണിസ്റ്റു പാർട്ടിയുടെ ഒരു സ്റ്റഡി ക്ലാസിനുവേണ്ടി എഴുതിയിട്ടുള്ള പാഠപുസ്തകം മാതിരിയാണിത്. പൊതുജനങ്ങളുടെ ഉപയോഗത്തിനുവേണ്ടിയുള്ള ഒരു പാഠപുസ്തകമായി തോന്നുന്നില്ല.

അധികവായനക്ക് നിർദേശിച്ചിട്ടുള്ള പുസ്തകങ്ങളെല്ലാം കമ്യൂണിസ്റ്റ് രാഷ്ട്രീയ സാഹിത്യങ്ങളാണ്. ആഴമേറിയ വിശകലനങ്ങളുള്ള ഒരൊറ്റ പുസ്തകവുമില്ല. ചെറുകാടിന്റെ രണ്ട് പുസ്തകങ്ങൾ ഉണ്ട്, ചെറുകാടൊരു കമ്യൂണിസ്റ്റുകാരനാണ്. അതേ കാലത്ത് സാമൂഹിക യാഥാർഥ്യങ്ങൾ ചിത്രീകരിച്ചിട്ടുള്ള ബഷീറും ഉറൂബും പൊൻകുന്നം വർക്കിയും തകഴിയും കേശവദേവുമെല്ലാമുണ്ട്. അവരുടെയൊക്കെ താഴെയേ ചെറുകാടിന് സ്ഥാനമുള്ളൂ. ഇവരെയൊക്കെ മാറ്റി നിർത്തിയാണ് ചെറുകാടിന്റെ രണ്ടു പുസ്തകങ്ങൾ നിർദേശിച്ചത്. പിന്നെയുള്ളത് കെ.കെ. എൻ കുറുപ്പിന്റെ ഒരു പുസ്തകം. കെ.കെ.എൻ കുറുപ്പിന്റെ കയ്യൂരിനെപ്പറ്റിയുള്ള ലഘുലേഖ ഉപരിപ്ലവമാണെന്ന് വിമർശിച്ചുകൊണ്ട് കമ്യൂണിസ്റ്റ് മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോൻ തന്നെ എന്നോട് സംസാരിച്ചിട്ടുണ്ട്. പിന്നെയുള്ളത് കെ. ദാമോദരന്റെ പാട്ടബാക്കിയെന്ന നാടകമാണ്. എന്റെ സുഹൃത്തായിരുന്നു ദാമോദരൻ. അത് താൻ പാർട്ടിക്ക് വേണ്ടിയെഴുതിയതാണെന്നും അതിന് വലിയ സാഹിത്യ മൂല്യമൊന്നുമില്ലെന്നും അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. അണ്ടലാട്ട് എന്നൊരാളുടെ രേഖയില്ലാത്ത ചരിത്രം എന്നൊരു പുസ്തകവുമുണ്ട്. ഈ അണ്ടലാട്ട് ആരാണെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ചരിത്രകാരനൊന്നുമല്ല. അയാൾ എ.കെ.ജി സെന്ററിലെ ലൈബ്രേറിയനാണെന്നാരോ പറഞ്ഞു.

ഇങ്ങനെയൊക്കെ പ്രശ്നങ്ങളുള്ള പുസ്തകം പിൻവലിക്കുകയാണ് വേണ്ടത്. ഇപ്പോൾ ഏതാണ്ട് അധ്യയനവർഷത്തിന്റെ പകുതിയാവുന്നു. യഥാർഥത്തിൽ ഇവിടെ ശിക്ഷിക്കപ്പെടുന്നത് പാവപ്പെട്ട വിദ്യാർഥികളും അവരുടെ രക്ഷിതാക്കളുമാണ്, പുസ്തകം എഴുതിയവരല്ല. ഒരു കൊല്ലം കൂടി പഴയ പുസ്തകങ്ങൾ തുടർന്നാൽ അത്യാപത്തൊന്നും വരാനില്ല. ■

(എം.ജി.എസ് നാരായണൻ
*പ്രബോധനം* പ്രതിനിധിയുമായി
നടത്തിയ സംഭാഷണത്തിന്റെ
ലേഖനാവിഷ്കാരം)